ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 6,482 പേരെ 2004 മേയ് 31 വരെ സംസ്ഥാനത്ത് കാണാതായിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു.†

(ബി) വിശദവിവരങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു.†

(സി) വിശദവിവരങ്ങൾ അനുബന്ധം 3 ആയി ചേർക്കുന്നു.†

(ഡി) തിരുവനന്തപുരം ജില്ലയിൽ ഇത്തരത്തിൽ ഒരു കേസ് റിപ്പോർട്ട് ചെയ്തിട്ടില്ല.

ഭവനഭേദനവും വാഹനമോഷണവും സംബന്ധിച്ച കേസുകൾ

62 [63] ശ്രീ. പിരപ്പൻകോട് മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ കഴിഞ്ഞ മൂന്ന് മാസത്തിനുള്ളിൽ ഭവനഭേദനവും വാഹനമോഷണവും സംബന്ധിച്ച് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) ഈ കാലയളവിൽ എത്ര വാഹനങ്ങൾ മോഷണം പോയിട്ടുണ്ട്;

(സി) ഈ കാലയളവിൽ വീടുകൾ കവർച്ച ചെയ്ത് എന്തു തുകയുടെ സാധനങ്ങൾ മോഷ്ടിക്കപ്പെട്ടിട്ടുണ്ടെന്ന് അറിയിക്കാമോ;

(ഡി) അന്വേഷണത്തെ തുടർന്ന് എന്തു തുകയുടെ സാധനങ്ങൾ കണ്ടെത്തുവാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 266 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) 69 വാഹനം.

(സി) 47,09,795 രൂപയുടെ സാധനങ്ങൾ മോഷ്ടിക്കപ്പെട്ടിട്ടുണ്ട്.

(ഡി) അന്വേഷണത്തെ തുടർന്ന് 6,77,640 രൂപയുടെ സാധനങ്ങൾ കണ്ടെത്തുവാൻ കഴിഞ്ഞിട്ടുണ്ട്.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്ത് കൊലചെയ്യപ്പെട്ട പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ടവർ

63 [64] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2004 ജൂൺ 15 വരെ സംസ്ഥാനത്ത് എത്ര പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ടവർ കൊലചെയ്യപ്പെട്ടിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇത് സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(സി) എത്ര കേസ്സുകളിൽ അന്വേഷണം പൂർത്തിയാക്കി കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) എത്ര കേസുകളിലെ പ്രതികൾ ശിക്ഷിക്കപ്പെട്ടിട്ടുണ്ടെന്ന് അറിയിക്കാമോ?

ഉത്തരം

(എ) 136 പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ടവർ.

(ബി) 130 കേസ്സുകൾ.

(സി) 75 കേസ്സുകളിൽ.

(ഡി) 7 കേസ്സുകളിൽ.

ഗുണ്ടാസംഘങ്ങളുടേയും മാഫിയാസംഘങ്ങളുടേയും സാമൂഹ്യവിരുദ്ധരുടേയും പ്രവർത്തനം അമർച്ച ചെയ്യുന്നതിന് നടപടി

64 [65] ശ്രീ. കോടിയേരി ബാലകൃഷ്ണൻ:
ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:
ശ്രീ. സാജു പോൾ:
,, കെ. പി. സതീശ് ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന ഗുണ്ടാസംഘങ്ങളുടേയും മാഫിയാ സംഘങ്ങളുടേയും സാമൂഹ്യവിരുദ്ധരുടേയും പ്രവർത്തനം അമർച്ച ചെയ്യുന്നതിനും കുറ്റവാളികളെ പിടികൂടുന്നതിനും സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; ഇതിനായി പോലീസ് സേനയിൽ എന്തെങ്കിലും പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) ജില്ലാ ആസ്ഥാനങ്ങളിൽ വർദ്ധിച്ചുവരുന്ന ഗുണ്ടാ മാഫിയാ സംഘങ്ങളുടെ പ്രവർത്തനം അമർച്ച ചെയ്യുന്നതിന് പ്രത്യേകം നിയമം കൊണ്ടുവരാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?